(ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ വളർച്ച, വിദ്യാഭ്യാസം സാധാരണക്കാർക്കും പാവപ്പെട്ടവർക്കും എത്രമാത്രം പ്രയോജനപ്പെടുന്നു എന്നീ കാര്യങ്ങൾ കൂടി കമ്മീഷന്റെ പഠന പരിധിയിൽ ഉൾപ്പെടുത്തുമോ ;

(ഇ) അൺ എയിഡഡ് സ്കൂളുകൾ നിയന്ത്രണമില്ലാതെ വളർന്ന് സർക്കാർ/എയിഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങളെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്ന് പഠന വിധേയമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മറ്റുമായി ശ്രീ. യു. ആർ. അനന്തമൂർത്തി ചെയർമാനും താഴെ പറയുന്നവർ അംഗങ്ങളുമായി ഒരു സ്കൂൾ വിദാഭ്യാസ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

1. ഡോ. എ. സുകുമാരൻ നായർ
2. ഡോ. ഡി. ബാബു പോൾ
3. പ്രൊഫ. എൻ. പുരുഷോത്തമൻ
4. പ്രൊഫ. കെ. എം. സഹാവുദീൻ

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ) കമ്മീഷന്റെ പഠന വിഷയങ്ങളിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗൾഫ് മലയാളികളുടെ തൊഴിൽ പ്രശ്നങ്ങൾ

9 (*508) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മലയാളികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗൾഫിലെ തൊഴിൽപ്രശ്ന പരിഹാരത്തിന് പ്രത്യേക കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗൾഫ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തൊഴിൽ കരാറുകൾ ഒപ്പിടുന്നതിന് ഇൻഡ്യൻ സ്ഥാനപതികാര്യാലയം വഴി ആയിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ&ബി) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിക്കുന്ന പൊതുവായ തൊഴിൽ പ്രശ്നങ്ങൾ ഒന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തൊഴിലാളികളും, തൊഴിൽദായകരും തമ്മിൽ ഉണ്ടാകുന്ന ചുരുക്കം ചില കേസ്സുകൾ പരിഹരിക്കാൻ സർക്കാർ സഹായം ആവശ്യപ്പെട്ടുകൊണ്ട് ചില നിവേദനങ്ങൾ വ്യക്തികളിൽ നിന്നും ലഭിക്കാറുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിക്കുകയും അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാറുമുണ്ട്.

(സി&ഡി) ഗൾഫിലെ തൊഴിൽപ്രശ്ന പരിഹാരത്തിന് പ്രത്യേക കോടതി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ തലത്തിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ തൊഴിലാളികൾക്ക് ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനു വേണ്ടി ഓരോ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലും ഓരോ ലീഗൽ അറ്റാഷേയെ (Legal Attache) നിയമിക്കേണ്ടതാണെന്ന് വിദേശകാര്യ മന്ത്രിക്ക് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ-ജി) തൊഴിൽ കരാറുകൾ ഒപ്പിടുന്നതു സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ വ്യതിയാനം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രവാസിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ ഉന്നതതലസംഘം 2003 ഏപ്രിൽ മാസം ഗൾഫ് രാജ്യങ്ങളിൽ നടത്തിയ പര്യടനവേളയിൽ ഗൾഫ് മലയാളികളുടെ പല പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 'നോർക്ക' വകുപ്പുമന്ത്രി കേന്ദ്ര തൊഴിൽവകുപ്പുമന്ത്രി, വിദേശകാര്യവകുപ്പുമന്ത്രി, വ്യോമയാനവകുപ്പുമന്ത്രി, കേന്ദ്രധനകാര്യവകുപ്പുമന്ത്രി എന്നിവരെ നേരിട്ട് കാണുകയും പ്രശ്നങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയും അവ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly